**എം ജി യു ജി ഏകജാലകം രണ്ടാം അലോട്മൻറ്: ഓപ്ഷനുകൾ 02/09/2021 11.00 എ എം മുതൽ 03/09/2021 4.00 പി എം വരെ പുനക്രമീകരിക്കാം**

ബിരുദ ഏകജാലക പ്രവേശനത്തിൻെറ രണ്ടാം അലോട്മെൻറിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനക്രമീകരിക്കുവാൻ 02/09/2021 11.00 എ എം മുതൽ 03/09/2021 4.00 പി എം വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം അലോട്മൻറ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്മൻറിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്മൻറ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് രണ്ടാം അലോട്മൻറ് ലഭിക്കുകയും ചെയ്യുന്ന പക്ഷം പുതുതായി അലോട്മൻറ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച് ആദ്യ അലോട്മൻറ് റദ്ദാക്കപ്പെടുകയും ചെയ്യും.

ഒന്നാം അലോട്മൻറിൽ സ്ഥിര പ്രവേശം നേടിയിട്ടുള്ളവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല.